പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2681 — 18.08.2017 ൽ മറുപടിക്ക്

## റെയിൽവേ വികസനത്തിന് ജോയിന്റ് വെഞ്ച്വർ കമ്പനി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പി. അനിൽ കുമാർ<br>,, കെ.സി.ജോസഫ്<br>,, റോജി എം. ജോൺ | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്തെ റെയിൽവേയുടെ വികസനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(എ) റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ താഴെപറയുന്ന പ്രോജക്ടുകൾ മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**ഒന്നാം ഘട്ടം**

1. റാപ്പിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്റ്റ്)
2. തലശ്ശേരി-മൈസൂർ റെയിൽവേ പാത
3. എറണാകുളം പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് പുന:പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി
4. കൊച്ചി വിമാനത്താവളത്തിലേക്ക് ത്രികോണ റെയിൽ ലൈൻ വലിച്ച് യാത്രക്കാരുടെ സൗകര്യത്തിനായി റെയിൽവേ സ്റ്റേഷനും കണ്ടെയ്നർ ചരക്ക നീക്കത്തിനായി ടെർമിനലും സ്ഥാപിക്കൽ
5. വിഴിഞ്ഞം ഇന്റർനാഷണൽ തുറമുഖം തിരുവനന്തപുരം - കന്യാകുമാരി ലൈൻ ബന്ധിപ്പിക്കുന്ന വിഴിഞ്ഞം - ബാലരാമപുരം പുതിയ ബ്രോഡ് ഗേജ് ലൈൻ

**രണ്ടാം ഘട്ടം**

1. എരുമേലി-പുനലൂർ-നിർദ്ദിഷ്ട അങ്കമാലി എരുമേലി പാതയെ എരുമേലിയിൽ നിന്നും പുനലൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത.
2. ഏറ്റുമാനൂർ-ശബരി ലിങ്ക് ലൈൻ-നിർദ്ദിഷ്ട അങ്കമാലി-ശബരി ലൈനിനെ ഏറ്റുമാനൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത.

**മൂന്നാം ഘട്ടം**

നിലമ്പൂർ-നഞ്ചൻകോട്-നിലമ്പൂർ റെയിൽവേ സ്റ്റേഷനെ

| | | | |
|---|---|---|---|
| | | | കർണാടക സംസ്ഥാനത്തിലെ നഞ്ചൻകോട് റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത. |
| (ബി) | ഇതിനായി റെയിൽവേയുമായി സഹകരിച്ച് ജോയിന്റ് വെഞ്ചർ കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | റെയിൽവേയുമായി സഹകരിച്ച് ജോയിന്റ് വെഞ്ചർ കമ്പനി 2017 ജനുവരി മാസം 3-ാം തീയതി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു |
| (സി) | കമ്പനിയുടെ ഓഹരി ഘടന എങ്ങനെയാണെന്ന് തീരുമാനിച്ചിട്ടുണ്ടോ, വിവരിക്കുമോ; | (സി) | കമ്പനിയുടെ ഓഹരി ഘടന - കേരള സർക്കാർ 51 ശതമാനം, കേന്ദ്ര സർക്കാർ (റെയിൽ മന്ത്രാലയം) 49 ശതമാനം |
| (ഡി) | സംസ്ഥാനത്ത് നടത്തുന്ന റെയിൽവേ വികസനത്തിന് ഈ കമ്പനി എത്ര മാത്രം ഗുണപ്രദമാകുമെന്ന് വിശദമാക്കുമോ? | (ഡി) | സംസ്ഥാനത്തിന് ഗുണപ്രദമായ പദ്ധതികൾ ഏറ്റെടുക്കുക വഴി ഈ കമ്പനി സംസ്ഥാന താത്പര്യത്തിന് ഗുണകരമായിരിക്കും. |

അണ്ടർ സെക്രട്ടറി